LIBRARY ARCHIVES Kerala Legislative Assembly

തുല്യമായ എണ്ണത്തിൽ വയ്ക്കാമെന്ന് അംഗീകരിച്ച് തരണം. കൂടാതെ 2006-07 മുതൽ 2009-10 വരെയുള്ള അധിക ഡിവിഷൻ ഒഴിവുകളിൽ തുല്യഎണ്ണം പ്രൊട്ടക്ടഡ് അദ്ധ്യാപകരെ നിയമിച്ചുകഴിഞ്ഞാൽ ഭാവിയിൽ അധിക ഡിവിഷനുണ്ടാകുന്ന മുറയ്ക്ക് എല്ലാ എയ്ഡഡ് വിദ്യാലയങ്ങളിലും 1:1 എന്ന ക്രമത്തിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകർ, പുതുതായി നിയമിതരാകുന്ന അദ്ധ്യാപകർ എന്ന മുറയ്ക്കുമാത്രമേ നിയമനം പാടുള്ളൂവെന്നും വ്യവസ്ഥ ചെയ്തു. ഈ വ്യവസ്ഥകൾ അംഗീകരിച്ച എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അവർക്ക് ശമ്പളവും കിട്ടുന്നുണ്ട്. സർക്കാർ ഉത്തരവുകൾ അനുസരിക്കാതെ നിയമനം നടത്തുകയും അദ്ധ്യാപകരുടെയും മറ്റും പൊതുതാൽപര്യം മാനിച്ച് സർക്കാർ ചില വ്യവസ്ഥകൾക്ക് വിധേയമായി അനുകൂലമായ നിലപാട് കൈക്കൊള്ളുകയും ചെയ്യുമ്പോൾ അതുപാലിക്കാതെ മാനേജർമാർ കൈക്കൊണ്ട നടപടികളെല്ലാം അംഗീകരിക്കണമെന്ന വാദം എത്ര മാത്രം ശരിയാണെന്ന് അങ്ങും ആലോചിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ രംഗത്ത് ഓരോ വർഷവുമുണ്ടായിവരുന്ന പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ പ്രശ്നം കാണാതിരിക്കാൻ നിർവ്വാഹമില്ല. സർക്കാർ ഉത്തരവുകൾ പാലിക്കാതെ നിയമനം നടത്തുന്ന പ്രവണതയെ വളരെ ഗൗരവമായിത്തന്നെ കാണേണ്ടതുണ്ട്. 1:1 എന്ന അനുപാതത്തിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകർ, പുതുതായി നിയമിതരാകുന്ന അദ്ധ്യാപകർ എന്ന നയത്തിൽനിന്ന് മാറേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല. ഇക്കാര്യത്തിൽ മാനേജർമാർ ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്. കോടതി ഇതുവരെ പ്രസ്തുത ഉത്തരവിൽ കേസ്സുകൾ തീർപ്പാക്കിയിട്ടില്ല. ചട്ടപ്രകാരം നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് യാതൊരു തടസ്സവുമില്ല.

3. കാരിത്താസ് ഓവർബ്രിഡ്ജ് ഭൂമി ഏറ്റെടുക്കാൻ നടപടി

ശ്രീ. തോമസ് ചാഴികാടൻ: സർ, എന്റെ നിയോജക മണ്ഡലത്തിലെ കാരിത്താസ് അമ്മഞ്ചേരി റോഡിലെ കോട്ടയം, ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനുകളുടെ ഇടയിൽ കാരിത്താസ് ഭാഗത്ത് ലെവൽക്രോസ് നമ്പർ 30-നു പകരമായി ഒരു ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിന് റെയിൽവേ അംഗീകാരം നൽകിയിട്ടുണ്ട്. കഴിഞ്ഞ റെയിൽവേ ബഡ്ജറ്റിൽ ഇതിനുവേണ്ടി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്. ഏതാണ്ട് പതിനൊന്നരക്കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്ന ഈ ഓവർബ്രിഡ്ജിന്റെ സ്ഥലമേറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാർ ഒരു കോടി പത്തുലക്ഷം രൂപയുടെ ഭരണാനുമതി മാത്രമാണ് നൽകിയിട്ടുള്ളത്. ഈ ഓവർബ്രിഡ്ജിന്റെ അലൈൻമെന്റ് അന്തിമമായി നിശ്ചയിച്ചിട്ടില്ല. അന്തിമമായ അലൈൻമെന്റ് നിശ്ചയിക്കുന്നതിനും നിർമ്മാണം പൂർത്തിയാക്കുന്നതിനുമാവശ്യമായ മുഴുവൻ തുകയുടേയും ഭരണാനുമതി നൽകുന്നതിനും സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കണം. ബഡ്ജറ്റിൽ ഇതിന്റെ നിർമ്മാണത്തിന് തുകയൊന്നും വകയിരുത്തിയിട്ടില്ല. ഇത് ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഉൾപ്പെടുത്തി എത്രയുംവേഗം സ്ഥലമേറ്റെടുക്കുന്നതിനും പദ്ധതിക്കാവശ്യമായ മുഴുവൻ തുകയ്ക്കുമുള്ള ഭരണാനുമതി നൽകി ഓവർ ബ്രിഡ്ജ് നിർമ്മിക്കാനുമുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക്

ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് ആവശ്യപ്പെടാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം ഈ ഓവർ ബ്രിഡ്ജിന്റെ സ്ഥലം സന്ദർശിക്കുകയുണ്ടായി. ഞാൻ അറിഞ്ഞില്ല. അവിടെ ഏതോ ഒരു സംഘടന നോട്ടീസൊക്കെ പ്രസിദ്ധപ്പെടുത്തിയത് അറിഞ്ഞുകൊണ്ട് ഞാൻ അദ്ദേഹത്തോട് സംസാരിച്ചതാണ്. എന്നെ വിളിക്കാമെന്ന് പറഞ്ഞു. വിളിച്ചില്ല. ഞാൻ പരാതിയായി പറയുകയല്ല. എം.എൽ.എ. എന്ന നിലയിൽ എന്നെക്കൂടി.....(മൈക്ക് ഓഫ്).....

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, സ്ഥലം സന്ദർശിക്കാൻ ഞാൻ കോട്ടയത്തെ പരിപാടികളുടെയിടയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുണ്ടായിരുന്നതു കൊണ്ട് പറ്റിയതാണ്. അങ്ങനെ അറിയിച്ചു. പക്ഷേ വളരെ രാത്രിയായിപ്പോയി. രാത്രി 8.30 മണിയായി. സമയം താമസിച്ചുപോയതിന്റെ അപാകതയാണ്. വേറെ യൊതൊരു പ്രശ്നവുമില്ല. വളരെ പഴക്കമുള്ള ആവശ്യമാണ് ശ്രീ. തോമസ് ചാഴികാടൻ ഇവിടെ ഉന്നയിച്ചത്. കോട്ടയം, ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനുകൾക്കിടയിലുള്ള ലെവൽ ക്രോസിലാണ് ഈ ആർ.ഒ.ബി. വരേണ്ടത്. റെയിൽവേയുമായി സർക്കാർ നിരന്തരം നടത്തിയ ചർച്ചകൾക്കൊടുവിലാണ് ഈ പാലത്തിന് പ്ലാൻ തയ്യാറാക്കുകയും ഭൂമിയേറ്റെടുക്കുന്നതിനുള്ള നടപടികളുമായിട്ടുള്ളത്. ഒരുകോടി പത്തുലക്ഷം രൂപയുടെ ഭരണാനുമതിയും നൽകി. ഇപ്പോഴത്തെ ആവശ്യം ഫാസ്റ്റ് ട്രാക്കിൽപ്പെടുത്തി കൊണ്ടുവരിക എന്നുള്ളതാണ്. ഫാസ്റ്റ് ട്രാക്കിൽപ്പെടുത്തി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. അടുത്ത മന്ത്രിസഭാ യോഗത്തിൽ ഇതുസംബന്ധിച്ച് തീരുമാനമുണ്ടാകും. റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ബഡ്ജറ്റിൽ ആർ. ബി. ഡി. സി. കെ. യുടെ പ്രവർത്തനങ്ങൾക്ക് പ്രത്യേക ഫണ്ടുണ്ട്. അതുകൊണ്ട് ഇതിനുവേണ്ടി പ്രത്യേക ഫണ്ടിന്റെ ആവശ്യമില്ല. ഇത് വന്നുകഴിഞ്ഞാൽ നടക്കും. ഇത്രയും നാളത്തെ കാലതാമസം ഉണ്ടായി..... (ബഹളം)..... മുഴുവൻ തുകയ്ക്കും ഭരണാനുമതി കൊടുത്ത് ഈ വർക്ക് ഉടൻതന്നെ ആരംഭിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്.

4. വടകര-തൊട്ടിൽപ്പാലം റൂട്ടിൽ കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ്

ശ്രീമതി കെ. കെ. ലതിക : സർ, മലബാർ പ്രദേശത്ത് ഏറ്റവും കൂടുതൽ യാത്രാക്ലേശം അനുഭവിക്കുന്ന ഒരു റൂട്ടാണ് വടകര-തൊട്ടിൽപ്പാലം. കെ.എസ്.ആർ.ടി.സി.-യ്ക്ക് വടകരയിൽ ഓപ്പറേറ്റിംഗ് സെന്ററും തൊട്ടിൽപ്പാലത്ത് സബ് ഡിപ്പോയുമുണ്ട്. ഇതുരണ്ടും ബന്ധിപ്പിച്ച് ചെയിൻ സർവ്വീസ് ആരംഭിച്ചാൽ ഈ പ്രദേശത്തെ യാത്രാപ്രശ്നം പരിഹരിക്കപ്പെടും. അതിനാൽ വടകര-തൊട്ടിൽപ്പാലം റൂട്ടിൽ കെ.എസ്.ആർ.ടി.സി.യുടെ ചെയിൻ സർവ്വീസ് ആരംഭിക്കണമെന്ന് ആവശ്യപ്പെടുന്നു.

ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ, വടകര-തൊട്ടിൽപ്പാലം റൂട്ടിൽ ആറ്

LIBRARY ARCHIVES Kerala Legislative Assembly